RSBY യുടെ CHIS PLUS എന്ന ചികിത്സാനുകൂല്യത്തിനും സൊസൈറ്റിയുടെ ചികിത്സാ ധനസഹായത്തിനും ഒരേ രോഗിക്ക് അർഹതയുണ്ടായിരിക്കില്ലെന്ന് G.O. (Rt) No. 757/2012/H&FWD, dated 8-3-2012 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി &സി) ഉണ്ട്.

പേവിഷബാധയുള്ള മരുന്ന്

11 (4294) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേവിഷബാധയുള്ള മരുന്ന് സർക്കാർ ആശുപത്രികളിൽ ലഭ്യമല്ല എന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ കടിയേറ്റ് ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്നവർക്ക് ഏതെല്ലാം പരിശോധനകൾ ആണ് നിലവിൽ നടത്തിവരുന്നത്;

(സി) പി.എച്ച്.സി.കളിലോ സി.എച്ച്.സി.കളിലോ ഇത്തരം പരിശോധനകൾ നടത്തുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുവാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പേവിഷബാധയുള്ള വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. പേവിഷബാധയുള്ള സിറത്തിന്റെ (Serum) ദൗർലഭ്യം നേരിടുന്നുണ്ട്. ഇത് പരിഹരിക്കുവാൻ ആശുപത്രി മേധാവികൾക്ക് അവ വാങ്ങുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്.

(ബി) തെരുവുനായ്ക്കളുടെ കടിയേറ്റ് വരുന്ന രോഗികൾക്ക് പേ വിഷ ചികിത്സ ആരംഭിക്കുകയാണ് ആദ്യം ചെയ്യുന്നത്. ഇതിന് പ്രത്യേക പരിശോധനകൾ ആവശ്യമില്ല.

(സി) പേവിഷബാധ പ്രതിരോധത്തിന് റാബീസ് വാക്സിൻ ആണ് നൽകുന്നത്. ഇത് നൽകുന്നതിനായി പ്രത്യേക പരിശോധനകൾ ആവശ്യമില്ല. ആയതിനാൽ ആശുപത്രികളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly